മാതൃഭൂമി

24 May 2026



രാസവളങ്ങൾ അമിതമായി ഉപയോഗിക്കുന്നതിനെതിരേ ദേശീയതലത്തിൽ നടപ്പാക്കുന്ന പ്രചാരണത്തിന്റെ ഭാഗമായി സി.എം.എഫ്.ആർ.ഐ.യിൽ നടന്ന പരിപാടിയിൽ ഡോ. ഗ്രിൻസൺ ജോർജ് സംസാരിക്കുന്നു

# രാസവളങ്ങളുടെ അമിത ഉപയോഗത്തിനെതിരേ സി.എം.എഫ്.ആർ.ഐ. ബോധവത്കരണം

**കൊച്ചി ▸** കൃഷിയിടങ്ങളിൽ രാസവളങ്ങൾ അമിതമായി ഉപയോഗിക്കുന്നതിനെതിരേ ബോധവത്കരണവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). ദേശീയതലത്തിൽ നടപ്പാക്കുന്ന 'ഖേത് ബച്ചാവോ അഭിയാനിന്റെ' ഭാഗമായി സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ബോധവത്കരണ പരിപാടിയിൽ 200-ലേറെ കർഷകർ പങ്കെടുത്തു. രാസവളങ്ങളുടെ അളവുകുറച്ച് മണ്ണും പരിസ്ഥിതിയും സംരക്ഷിക്കുന്ന പ്രകൃതിദത്ത കൃഷിരീതികളിലേക്ക് കർഷകർ മാറണമെന്ന് വിദഗ്ധർ ആവശ്യപ്പെട്ടു.

**കാംപെയ്നിന്റെ ഭാഗമായി മണ്ണും ജലസമ്പത്തും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞർ കേരളത്തിലെ മുപ്പതോളം കൃഷിഗ്രാമങ്ങൾ സന്ദർശിച്ചു**

മത്സ്യമേഖലയിലെ നൂതന സാങ്കേതികവിദ്യകൾ സംയോജിപ്പിച്ച് സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ചെടുത്ത ജൈവ ഉത്പന്നങ്ങളുടെ പ്രദർശനവും ഇതോടൊപ്പം നടന്നു. കടൽപ്പായലുകളിൽനിന്ന് നിർമിച്ച ബയോ-ഫെർട്ടിലൈസറുകൾ, ബയോ സ്റ്റിമുലന്റുകൾ, മത്സ്യമാലിന്യങ്ങളിൽനിന്ന് ഉത്പാദിപ്പിക്കുന്ന 'ഫിഷ്‌ലൈസർ' എന്ന ജൈവവളം, ജൈവമാലിന്യ സംസ്കരണത്തിനുള്ള പട്ടാളപ്പുഴു അധിഷ്ഠിത സാങ്കേതികവിദ്യ എന്നിവയുടെ ഉപയോഗം പരിചയപ്പെടുത്തി.

ഇത്തരം ജൈവസംരംഭങ്ങൾ മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനും സുസ്ഥിരമായ പ്രകൃതിദത്ത കൃഷിരീതികൾക്കും പ്രയോജനകരമാകുമെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ജൈവമാലിന്യ സംസ്കരണത്തിന് പുറമേ, പട്ടാളപ്പുഴുവിനെ ഉപയോഗിച്ച് മത്സ്യത്തീറ്റ നിർമിക്കുന്ന രീതിയും കർഷകർക്ക് പരിചയപ്പെടുത്തി.

ദേശീയതല കാംപെയ്നിന്റെ ഭാഗമായി മണ്ണും ജലസമ്പത്തും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞർ കേരളത്തിലെ മുപ്പതോളം കൃഷിഗ്രാമങ്ങൾ സന്ദർശിച്ചു. കഴിഞ്ഞ രണ്ടുമാസത്തിനിടെ കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ അഞ്ചുസംസ്ഥാനങ്ങളിലെ 12 ജില്ലകളിലായി ആയിരത്തിഅഞ്ഞൂറിലധികം കർഷകരെ ബോധവത്കരിക്കാനായെന്ന് ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. ഡോ. കാർത്തിക കെ.എസ്., ഡോ. സനൽ എബ്നേസർ, ഡോ. വിദ്യ ആർ. എന്നിവർ സംസാരിച്ചു.